(ബി) പ്രസ്തുത റൂട്ടിലെ യാത്രാക്ലേശം പരിഗണിച്ചും ലാഭകരമായി സർവ്വീസ് നടത്താൻ കഴിയുന്ന സാഹചര്യത്തിലും പ്രസ്തുത ബസ് സർവ്വീസ് അടിയന്തരമായി പുനരാരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ ;

(സി) പ്രസ്തുത റൂട്ടുവഴി സ്വകാര്യവാഹനങ്ങൾക്കും പെർമിറ്റ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പന്തളത്തുനിന്നും 4 ചെയിൻ സർവ്വീസ് തിരുവല്ലയ്ക്ക് ആരംഭിച്ചപ്പോൾ താരതമ്യേന വരുമാനംകുറഞ്ഞ ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച കൂട്ടത്തിൽ പന്തളം-പടനിലം-കോമല്ലൂർ-കായംകുളം-പൊടി പന്തളം ട്രിപ്പ് ഉണ്ടായിരുന്ന ഷെഡ്യൂളും ഉൾപ്പെട്ടിരുന്നു. ടി ട്രിപ്പിന് മോശമല്ലാത്ത വരുമാനം ലഭിച്ചിരുന്നുവെങ്കിലും ആ ഷെഡ്യൂൾ മൊത്തത്തിൽ വരുമാനം കുറവുള്ളതായിരുന്നു. ലാഭകരമായി നടത്തുവാൻ കഴിയുന്നതായതിനാൽ പന്തളം-പടനിലം-കോമല്ലൂർ-കായംകുളം-പൊടി പന്തളം ട്രിപ്പ് നിലവിലുള്ള ഏതെങ്കിലും ഷെഡ്യൂളിൽ ഉൾപ്പെടുത്തി പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(സി) പന്തളം-പടനിലം-കോമല്ലൂർ-പൊടിപന്തളം റൂട്ട് ദേശസാൽകൃതമാണ് കായംകുളം മുതൽ പാറമുക്കുവരെ 17km G.O.(Ms)156/67/PW dated 27-2-1967 പ്രകാരം കായംകുളം-കുളത്തുപ്പുഴ partial exclusion, scheme-ലെ overlapping portion ആണ്. ഈ സാഹചര്യത്തിൽ സ്വകാര്യ വാഹനങ്ങൾക്ക് പെർമിറ്റ് അനുവദിക്കാൻകഴിയില്ല.

പൊൻകുന്നം ഡിപ്പോയിലെ വാഹനങ്ങളുടെ അപര്യാപ്തത

169 (619) പ്രൊഫ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യുടെ പൊൻകുന്നം ഡിപ്പോയിൽനിന്നും അനുവദിച്ചിട്ടുള്ള ദീർഘദൂര/ഹ്രസ്വദൂര സർവ്വീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പൊൻകുന്നം ഡിപ്പോയിലെ വാഹനങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ദീർഘദൂര സർവ്വീസുകൾ

1.	04.40	-	വഴിക്കടവ്
2.	06.00	-	മണക്കടവ്
3.	08.30	-	കോഴിക്കോട്
4.	06.45	-	പാണത്തൂർ

LIBRARY ARCHIVES Kerala Legislative Assembly

5.	04.45	–	തിരുവനന്തപുരം
6.	06.00	–	കളിയിക്കാവിള
7.	06.05	–	തിരുവനന്തപുരം
8.	07.10	–	തിരുവനന്തപുരം
9.	06.30.	–	എറണാകുളം
10.	06.45	–	എറണാകുളം
11.	07.05	–	എറണാകുളം
12.	13.30	–	എറണാകുളം
13.	05.30	–	പുനലൂർ
14.	05.50	–	പുനലൂർ
15.	06.10	–	പുനലൂർ
16.	06.30	–	പുനലൂർ
17.	07.10	–	പുനലൂർ
18.	07.50	–	പുനലൂർ
19.	08.30	–	പുനലൂർ
20.	06.20	–	നെടുംകണ്ടം
21.	06.40	–	മണ്ണാറശ്ശാല
22.	07.00	–	ചക്കുളത്തുകാവ്
23.	07.10	–	ആലപ്പുഴ

ഹ്രസ്വദൂര സർവ്വീസുകൾ

1.	06.00	–	കണയങ്കവയൽ
2.	06.20	–	ചുങ്കപ്പാറ
3.	06.20	–	പാല
4.	06.40	–	അഴങ്ങാട്
5.	06.40	–	മണിമല
6.	06.40	–	ചേനപ്പാടി
7.	06.40	–	പാല

LIBRARY ARCHIVES Kerala Legislative Assembly

8.	07.00	-	പാലപ്ര
9.	07.05	-	പാല
10.	07.20	-	തെക്കേമല
11.	07.30	-	പാല
12.	12.00	-	മണിമല

(ബി) 35 ഷെഡ്യൂളുകൾ നടത്താൻ 40 ബസ്സുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. അതിനാൽ എല്ലാ ഷെഡ്യൂളുകളും നടത്തുവാൻ പര്യാപ്തമായ ബസ്സുകൾ പൊൻകുന്നം ഡിപ്പോയിലുണ്ട്.

മയ്യിൽ ഭാഗത്തേക്ക് ലേഡീസ് ഒൺലി ബസ്സ്

170 (620) ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകൾ ഏറെ യാത്രാക്ലേശം അനുഭവിക്കുന്ന മയ്യിൽ, കൊളച്ചേരി, കുറ്റ്യാട്ടൂർ ഭാഗങ്ങളിലേക്ക് രാവിലെ മയ്യിൽനിന്ന് ആരംഭിച്ച് കണ്ണൂരിലെത്തുന്നതും വൈകുന്നേരം കണ്ണൂരിൽനിന്ന് മയ്യിലേക്ക് പോകുന്നതുമായ വിധത്തിൽ ഒരു ലേഡീസ് ഒൺലി ബസ് അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നിവേദനം ലഭിച്ചിട്ടില്ല. 27-12-2010, 29-1-2011 എന്നീ തീയതികളിലെ ജില്ലാ വികസന യോഗത്തിൽ ശ്രീ. സി. കെ. പി. പത്മനാഭൻ എം.എൽ.എ.-യുടെ നിർദ്ദേശം പരിഗണിച്ച് രാവിലെയും വൈകുന്നേരവും ലേഡീസ് ഒൺലി ട്രിപ്പ് ആരംഭിക്കുന്ന വിഷയം പരിശോധനയിലാണ്.

(ബി) സ്വീകരിക്കുന്നതാണ്.

വണ്ടിപ്പെരിയാറിൽനിന്ന് പുൽമേട്ടിലേക്കുള്ള കെ.എസ്.ആർ.ടി.സി. സർവ്വീസ്

171 (621) ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വണ്ടിപ്പെരിയാറിൽനിന്ന് പുൽമേട്ടിലേക്ക് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിയിരുന്നോ ;

(ബി) എത്ര ബസ്സുകളാണ് ഇതിനായി ഉപയോഗിച്ചിരുന്നത് ;

(സി) മകരവിളക്ക് ഉത്സവദിവസം എത്ര സർവ്വീസുകൾ നടത്തിയിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly